| 20-04-2022 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

# മധുരമായ കുട്ടികളെ - തനിക്ക് ഏതൊരു സന്തോഷമാണോ ലഭിച്ചത്, അത് എല്ലാവർക്കും നൽകണം, നിങ്ങൾക്ക് സുഖവും ശാന്തിയും വിതരണം ചെയ്യുന്നതിന്റെ ജോലി ചെയ്യണം

**ചോദ്യം:-** നിങ്ങൾ കുട്ടികൾക്ക് ഈ പരിധിയില്ലാത്ത *ഡ്രാമയുടെ* ഓരോ ദൃശ്യവും വളരെ ഇഷ്ടമാണ് - എന്തുകൊണ്ട്?

**ഉത്തരം:-** എന്തുകൊണ്ടെന്നാൽ സ്വയം രചയിതാവിന് ഈ നാടകം ഇഷ്ടമാണ്. രചയിതാവിന് ഇഷ്ടമാണങ്കിൽ കുട്ടികൾക്കും തീർച്ചയായും ഇഷ്ടമാകും. നിങ്ങൾക്ക് ഒരു കാര്യത്തിലും ക്ഷുഭിതരാകാൻ സാധിക്കില്ല. നിങ്ങൾക്കറിയാം ഈ സുഖ-ദുഃഖത്തിന്റെ നാടകം വളരെ മനോഹരമായി ഉണ്ടാക്കിയിട്ടുള്ളതാണ്. ഇതിൽ ജയ-പരാജയത്തിന്റെ കളി നടന്നുകൊണ്ടിരിക്കുന്നു, ഇതിനെ മോശമെന്ന് പറയാൻ സാധിക്കില്ല. പകലും നല്ലതാണ് രാത്രിയും നല്ലതാണ്.... ഈ നാടകത്തിൽ എന്ത് *പാർട്ടാണോ,* അത് സന്തോഷത്തോടെ അഭിനയിക്കുന്നവർ വളരെ ആനന്ദത്തിൽ കഴിയുന്നു. ഈ പരിധിയില്ലാത്ത ജ്ഞാനത്തെ ഓർമ്മിക്കുന്നവർ സദാ ഹർഷിതമായി കഴിയുന്നു. ബുദ്ധി സമ്പന്നമായിരിക്കുന്നു.

**ഗീതം:-** നമ്മുടെ തീർത്ഥ സ്ഥാനം വേറിട്ടതാണ്....

**ഓം ശാന്തി**. വാസ്തവത്തിൽ *സ്കൂളിൽ* പാട്ടൊന്നും പാടാറില്ല. ഇത് പാഠശാലയാണ്. എന്നിട്ടും എന്തിനാണ് ഇവിടെ പാട്ട് പാടുന്നത്? സത്യയുഗത്തിൽ ഈ പാട്ടൊന്നും പാടില്ല. ഇപ്പോൾ നമ്മളിരിക്കുന്നത് സംഗമത്തിലാണ് അതുകൊണ്ട് ഭക്തിയിലെയും മറ്റും പാട്ടുകളെടുത്ത് അതിന്റെ അർത്ഥം മനസിലാക്കി തരുന്നു, മനുഷ്യരാണെങ്കിൽ അർത്ഥം മനസിലാക്കുന്നില്ല. നമ്മളിപ്പോൾ ഇവിടുത്തേതുമല്ല, അവിടുത്തേതുമല്ല. ഇടയിലാണിരിക്കുന്നത്, അതുകൊണ്ട് ഇതിന്റെ ആധാരമൽപം എടുക്കുന്നു. കുട്ടികൾക്ക് ജ്ഞാനത്തിന്റെയും ഭക്തിയുടെയും അർത്ഥം മനസ്സിലാക്കി തന്നിട്ടുണ്ട്. ഇപ്പോൾ നിങ്ങൾ ജ്ഞാനം കേട്ടുകൊണ്ടിരിക്കുകയാണ്, ഭാവിയിലേക്ക് വേണ്ടി. ഭാവിയിലേക്ക് വേണ്ടി പുരുഷാർത്ഥം ചെയ്ത് എന്തെങ്കിലും പ്രാലബ്ധമുണ്ടാക്കുന്ന ഒരു മനുഷ്യരും ഉണ്ടായിരിക്കില്ല. നിങ്ങൾ ഭാവിയിലെ പുതിയ ലോകത്തേക്ക് വേണ്ടി പുരുഷാർത്ഥം ചെയ്യുന്നു. മനുഷ്യർ ദാന-പുണ്യം മുതലായവ ചെയ്യുന്നു അടുത്ത ജന്മത്തിലേക്കായി. അതാണ് ഭക്തി, ഇതാണ് ജ്ഞാനം, ജ്ഞാനം ഭക്തി വൈരാഗ്യമെന്ന് ചിലർ പറയാറുമുണ്ട്. സന്യാസിമാരുടേത് പരിധിയുള്ള വൈരാഗ്യമാണ്. നിങ്ങളുടേത് പരിധിയില്ലാത്ത വൈരാഗ്യമാണ്. അവർ ഗൃഹസ്ഥത്തോട് വൈരാഗ്യം വെക്കുന്നു, ലോകത്തോടല്ല. അവർക്കിത് ജീർണ്ണിച്ച തമോപ്രധാന നാശോന്മുമായ സൃഷ്ടിയാണെന്നറിയില്ല, എന്തുകൊണ്ടെന്നാൽ കൽപത്തിന്റെ ആയുസ്സ് നീട്ടി നൽകിയിരിക്കുന്നു. ഇപ്പോൾ ബാബയിരുന്ന് മനസ്സിലാക്കി തരുന്നു, ബുദ്ധിയും പറയുന്നുണ്ട് ഈ കാര്യം തീർത്തും ശരിയാണ്. മുഖ്യമായ കാര്യം പവിത്രതയുടേതാണ്, അതിന് വേണ്ടിയാണ് അവർ ഗൃഹസ്ഥത്തെ ഉപേക്ഷിക്കുന്നത്. നിങ്ങൾ മുഴുവൻ പഴയ ലോകത്തെയും ബുദ്ധികൊണ്ട് മറക്കുന്നു. പവിത്രമാകുന്നു, പവിത്രലോകത്തിലേക്ക് പോകുന്നതിന് വേണ്ടി. നിങ്ങളുടേത് ബുദ്ധിയുടെ യാത്രയാണ്. കർമ്മേന്ദ്രിയങ്ങളെയും കൊണ്ട് എവിടേക്കും പോകേണ്ടതില്ല, നിങ്ങളുടെ ശരീരം ചലിപ്പിക്കേണ്ടതില്ല. ഇപ്പോൾ നമ്മൾ നമ്മുടെ ആത്മീയ പിതാവിന്റെയടുത്തേക്ക് പോകുന്നു, ആ ഭൗതീക യാത്രകൾ അനേകമുണ്ട്. ചിലപ്പോൾ ഒരു സ്ഥലം ചിലപ്പോൾ മറ്റൊരു സ്ഥലം പല പല സ്ഥലങ്ങളിലേക്ക് പോകുന്നു. നിങ്ങളുടെ ബുദ്ധി ഒരൊറ്റ വശത്താണ്. ഇതിനെ അവ്യഭിചാരി ഭക്തിയെന്നും പറയാൻ സാധിക്കും. നിങ്ങൾ ഒരാളെമാത്രം ഓർമ്മിക്കുന്നു. മറ്റെല്ലാവരുടേതും വ്യഭിചാരീ ഭക്തിയാണ്. അനേകരെ ഓർമ്മിക്കുന്നു. നിങ്ങളുടേതാണ് അവ്യഭിചാരീ ആത്മീയ യാത്ര, അതിലൂടെ നമ്മൾ തിരിച്ച് വീട്ടിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്നു. അവർ നിർവ്വാണധാമത്തെ വീടാണെന്ന് മനസിലാക്കുന്നില്ല. നിർവ്വാണത്തിലേക്ക് പോയെന്ന് പറയാറുണ്ട്. നിങ്ങൾക്കറിയാം അവിടെയാണ് നമ്മൾ ആത്മാക്കൾ ബാബയോടൊപ്പം വസിക്കുന്നത്. ഇപ്പോൾ ബാബ നമ്മളെ കൊണ്ട് പോകുന്നതിന് വന്നിരിക്കുന്നു. അവർ മനസിലാക്കുന്നത് നമ്മളെല്ലാവരും ഈശ്വരന്റെ തന്നെ രൂപങ്ങളെന്നാണ്. എത്ര ശാസ്ത്രങ്ങളെല്ലാമാണ് പഠിക്കുന്നത്, ഇവിടെ നിങ്ങളെ അതൊന്നും തന്നെ പഠിപ്പിക്കുന്നില്ല. ആ കർമ്മകാണ്ഡങ്ങളെയും സന്യാസം ചെയ്യിപ്പിക്കുന്നു. ഇതെല്ലാം ഭക്തിയുടെ കർമ്മകാണ്ഡങ്ങളാണ്. പ്രഭുവിന്റെ ഗതിയും മതവും വേറിട്ടതാണ്. ഏറ്റവും ആദ്യം നിങ്ങളെ പഠിപ്പിക്കുന്നത് ഭഗവാനാണ്. ബാബ സ്വയം ദല്ലാളായി വരുന്നു. പാടുന്നുമുണ്ട് എന്നാൽ മനസിലാക്കാറില്ല. നിങ്ങൾക്ക് ഭക്തിയോട് വെറുപ്പൊന്നുമില്ല. എപ്പോഴാണോ ഈ *ഡ്രാമ* ഉണ്ടാക്കിയിട്ടുള്ളതാണെന്ന് അറിഞ്ഞത് അപ്പോൾ മുതൽ ആരോടും വെറുപ്പില്ല. അതെ, തീർച്ചയായും

ഈ പഴയ മോശമായ ലോകത്തെ ഉപേക്ഷിക്കണമെന്ന് മനസ്സിലാക്കുന്നുണ്ട്, തിരിച്ച് പോകണം. എപ്പോഴാണോ ഭക്തിയിലായിരുന്നത് അപ്പോൾ ഭക്തിയോട് സ്നേഹമായിരുന്നു. ഗീതം മുതായവ കേൾക്കുന്നതിലൂടെ സന്തോഷം വന്നിരുന്നു. അതുകൊണ്ടൊന്നും ഒരു പ്രയോജനവുമില്ലായിരുന്നു എന്ന് ഇപ്പോൾ മനസ്സിലാക്കുന്നുണ്ട്. കേൾക്കുന്നതിൽ പ്രശ്നമൊന്നുമില്ല എന്നാൽ അറിയാം ഇതും ഭക്തിയുടെ കർമ്മമാണ്. നമ്മുടെ ബുദ്ധിയോഗമിപ്പോൾ അതിൽ നിന്ന് വേറിട്ട് ജ്ഞാനവുമായി ചേർന്നിരിക്കുന്നു. ജ്ഞാനവും ഭക്തിയും രണ്ടുമിപ്പോൾ നിങ്ങൾക്കറിയാം. മനുഷ്യർക്ക് ഏതുവരെ ജ്ഞാനം ലഭിക്കുന്നില്ലയോ അതുവരെ ഭക്തി തന്നെയാണ് നല്ലതായി തോന്നുന്നത്. നമ്മൾ ജന്മ-ജന്മമാന്തരം ഭക്തി ചെയ്താണ് വന്നത്. അങ്ങനെ ഭക്തിയോട് സ്നേഹവും വർദ്ധിച്ചു. ഇപ്പോൾ നമുടെ ബുദ്ധിയിലുണ്ട്-ഇത് സുഖ-ദുഃഖത്തിന്റെയും, ജയ-പരാജയത്തിന്റെയും ഉണ്ടാക്കിയിട്ടുള്ള നാടകമാണ്. അതുകൊണ്ട് അവരിൽ ദയ വരുന്നു, എന്തുകൊണ്ട് അവർക്കും രചയിതാവിന്റെയും രചനയുടെയും ജ്ഞാനം ലഭിച്ചുകൂടാ, അങ്ങനെ ബാബയുടെ സമ്പത്ത് നേടാൻ സാധിക്കുമല്ലോ. എന്ത് സന്തോഷമാണോ തനിക്ക് ലഭിച്ചത് അത് മറ്റുള്ളവർക്കും നൽകണം. സിന്ധിലെ വിദേശ യാത്രികർ ഏതെങ്കിലും സ്ഥലത്ത് വ്യാപാരം നന്നായി നടക്കുന്നത് കാണുകയാണെങ്കിൽ, തന്റെ മിത്ര സംബന്ധികൾക്ക് അറിയിപ്പ് നൽകുമായിരുന്നു ഇന്ന സ്ഥലത്തേക്ക് പോകൂ, അവിടെ നല്ല സമ്പാദ്യമുണ്ടാകും.

നിങ്ങൾക്കറിയാം ഈ രാവണ രാജ്യത്തിൽ ദുഃഖം മാത്രമാണുള്ളത്. മനുഷ്യർക്ക് ജ്ഞാനം എന്ത് വസ്തുവാണെന്ന് പോലുമറിയില്ല. സാധു-സന്യാസിമാർക്കു പോലും ഈ ജ്ഞാനത്തിലൂടെ രാമരാജ്യം ലഭിക്കുമെന്നറിയില്ല. ചോദിക്കുന്നു ഈ ജ്ഞാനത്തിലൂടെ എന്ത് പ്രാപ്തിയാണുണ്ടാകുന്നത്? അപ്പോൾ എഴുതുന്നു സുഖവും ശാന്തിയും രണ്ടും ലഭിക്കുന്നു, അതും നശിക്കാത്തത്. ആർക്കെങ്കിലും സുഖ-ശാന്തിയുടെ ജോലി കയ്യിൽ വരികയാണെങ്കിൽ പിന്നീട് അതിൽ തന്നെ ഏർപ്പെടുന്നു. ഭൗതിക സേവനവും തീർച്ചയായും കുറച്ച് സമയം ചെയ്യണം. സത്സംഗത്തിന്റെ സമയവും രാവിലെയും വൈകിട്ടുമാണ്. മാതാക്കൾക്ക് വീട്ടിലെ ബന്ധനമുണ്ടെങ്കിൽ പിന്നീട് അവർക്കായി പകൽ സമയം വയ്ക്കുന്നു. രാവിലത്തെ സമയം വളരെ നല്ലതാണ്, മനസ്സ് വളരെ *ഫ്രഷായിരിക്കും.* എന്താണോ കേൾക്കുന്നത് അത് ധാരണ ചെയ്ത് പിന്നീട് അയവിറക്കണം. നിരാകാരനായ പരമാത്മാവും പഠിപ്പിക്കാൻ വരുന്നു എന്ന് ലോകത്തിലാർക്കും അറിയില്ല. ഭഗവാനുവാചാ – നിങ്ങളെ രാജയോഗം പഠിപ്പിച്ച് നരനിൽ നിന്ന് നാരായണനാക്കുന്നു. ഈ യോഗം വളരെ പ്രസിദ്ധമാണ്. മനുഷ്യർ വിനാശീ ധനത്തിന്റെ ദാനപുണ്യം ചെയ്യുകയാണെങ്കിൽ രാജകുടുംബത്തിൽ പോയി നല്ല ജന്മമെടുക്കുന്നു. ഇവിടെ നിങ്ങൾ 21 ജന്മത്തേക്കുള്ള സമ്പത്ത് നേടിക്കൊണ്ടിരിക്കുന്നു. നിങ്ങൾ എല്ലാം തന്നെ 21 ജന്മത്തേക്കായി ദാനം ചെയ്യുന്നു. പിന്നീട് ഒരു പദവിയും നേടുന്നതിന് വേണ്ടി പുരുഷാർത്ഥം ചെയ്യേണ്ടി വരില്ല. പദവി *ഫിക്സാകുന്നു.* ഇപ്പോൾ നിങ്ങൾ തന്റെ സമ്പത്ത് ബാബയിൽ നിന്ന് നേടിക്കൊണ്ടിരിക്കുന്നു അതുകൊണ്ടാണ് ബാബ പറയുന്നത് നല്ലരീതിയിൽ പഠിച്ച് ജന്മ-ജന്മാന്തരം രാജാവാകൂ. ആദ്യ ജന്മം ലഭിക്കുന്നത് തന്നെ ഉയർന്നതായിരിക്കും. പ്രജക്കും ഉയർന്ന പദവി ലഭിക്കുന്നു. രാജ്യഭരണത്തിലും ദാസ ദാസിമാർ തുടങ്ങി എല്ലാവരും വേണം. എത്രത്തോളം പഠിക്കുന്നോ മഹാദാനിയാകുന്നോ അത്രയും ഉയർന്ന പദവി നേടും. ബാബയും മഹാദാനിയാണ്. എല്ലാവരെയും ധനവാൻമാരാക്കി മാറ്റുന്നു. സുഖത്തിന്റെയും ശാന്തിയുടെയും സമ്പത്ത് നൽകുന്നു. ഏറ്റവും ആദ്യം സുഖത്തിലേക്ക് തന്നെയാണ് വരുന്നത്. ക്രിസ്ത്യാനികളെക്കുറിച്ച് പറയാറുണ്ട് – കാട്ടിലായിരുന്നു വസിച്ചിരുന്നത്, ഇലകളായിരുന്നു വസ്ത്രം, വികാരത്തിന്റെ ദൃഷ്ടിയില്ലായിരുന്നു. എല്ലാവരും സുഖികളായാണ് കഴിഞ്ഞിരുന്നത് എന്തുകൊണ്ടെന്നാൽ ആദ്യ സമയം സതോ പ്രധാനമാണ് പിന്നീടാണ് സതോ രജോ തമോയിലേക്ക് വരുന്നത്. അവരുടെ*പാർട്ട്* അവരുടേത് നമ്മുടെ *പാർട്ട്* നമ്മുടേത്. ഈ ധർമ്മത്തിലേത് ആരാണോ, അവരുടെ തന്നെ തൈ വെയ്ക്കലാണ് നടക്കുന്നത്. എപ്പോൾ നിങ്ങൾ സമ്പൂർണ്ണമാകുന്നോ അപ്പോൾ ഇവർ നമ്മുടെ ധർമ്മത്തിലുള്ളവരാണോ അല്ലയോ എന്ന് അറിയാൻ സാധിക്കും.

നിങ്ങൾ കുട്ടികൾ എല്ലാവർക്കും മനസിലാക്കി കൊടുക്കുന്നു ബാബ പുതിയ ലോകം രചിക്കുമ്പോൾ ഭാരതത്തിന് തന്നെയായിരുന്നു സമ്പത്ത് ലഭിച്ചിരുന്നത്, പിന്നീട് നഷ്ടപ്പെട്ടുപോയി. *ഡ്രാമയനുസരിച്ച്* സമ്പത്ത് നേടേണ്ടതുണ്ടെങ്കിൽ നഷ്ടപ്പെടുത്തേണ്ടതായുമുണ്ട്. ഈ ചക്രം കറങ്ങിക്കൊണ്ടിരിക്കുന്നു. ഈ സമയം നമ്മൾ സമ്പത്ത് നഷ്ടപ്പെടുത്തി, ഇപ്പോൾ വീണ്ടും നേടിക്കൊണ്ടിരിക്കുന്നു. ലക്ഷ്മീ-നാരായണന്റെ രാജ്യത്തെക്കുറിച്ച് ആർക്കും തന്നെ അറിയില്ല, അതുകൊണ്ടാണ് ചോദിക്കുന്നത് ലക്ഷ്മീ-നാരായണന് ഈ രാജ്യം എപ്പോൾ, എങ്ങനെയാണ് ലഭിച്ചത്? ഏതുപോലെയാണോ അവർ കൃഷ്ണന് മുന്നിൽ ലക്ഷ്മീ-നാരായണനെ അപ്രത്യക്ഷമാക്കിയത് അതുപോലെ നമ്മളിപ്പോൾ ലക്ഷ്മീ-നാരായണനെ മുന്നിൽ വച്ച് കൃഷ്ണനെ അപ്രത്യക്ഷമാക്കുന്നു. ലക്ഷ്മീ-നാരായണൻ

സത്യയുഗത്തിന്റേതാണ്, നാരായണവാചാ സാധ്യമല്ല. ബാബ പറയുന്നു ഞാൻ വരുന്നത് തന്നെ സംഗമത്തിലാണ്. ലക്ഷ്മീ-നാരായണൻ പൂർവ്വ ജന്മത്തിൽ സംഗമത്തിൽ തന്നെയാണ് രാജ്യം നേടിയത്. ലക്ഷ്മീ-നാരായണൻ തന്നെയാണ് 84 ജന്മങ്ങളെടുത്തത് ഇപ്പോൾ അന്തിമ ജന്മത്തിലാണ്. ലക്ഷ്മീ-നാരായണനും രാജ്യം നൽകുന്ന ഒരാൾ ഉണ്ടായിരിക്കില്ലേ. അത് ഭഗവാൻ തന്നെയാണ് നൽകിയത്. ഈ സമയം നിങ്ങൾ പൂർണ്ണമായും യാചകരാണ് പിന്നീട് രാജകുമാരനായി മാറുന്നു. രാജകുമാരൻ തീർച്ചയായും രാജാവിന്റെയും മഹാരാജാവിന്റെയുമടുത്തായിരിക്കും ജന്മമെടുക്കുക. ഇപ്പോൾ വരേയ്ക്കും ചില നല്ല-നല്ല രാജാക്കൻമാരുണ്ട്, അവർക്ക് പ്രജകളിൽ വളരെയധികം സ്നേഹമാണ്. നിങ്ങൾക്കറിയാം ഇപ്പോൾ നമ്മൾ രാജയോഗം പഠിച്ചുകൊണ്ടിരിക്കുകയാണ്, അതിലൂടെ നമ്മൾ രാജ്യ ഭാഗ്യം നേടുന്നു. നമുക്ക് ഈ നിശ്ചയമുണ്ട്, എന്തുകൊണ്ടെന്നാൽ ഇത് അനാദിയായ നാടകമാണ്. ജയ പരാജയത്തിന്റെ കളിയാണ്. എന്താണോ നടക്കുന്നത് അത് ശരിയാണ്, എന്താ രചയിതാവിന് നാടകം ഇഷ്ടമായിരിക്കില്ലേ! തീർച്ചയായും ഇഷ്ടമായിരിക്കും! അപ്പോൾ രചയിതാവിന്റെ കുട്ടികൾക്കും ഇഷ്ടമായിരിക്കും. നമുക്ക് ആരോടും വെറുപ്പ് കാണിക്കാൻ സാധിക്കില്ല. ഇതും മനസ്സിലാക്കുന്നുണ്ട് ഭക്തിയുടെ *പാർട്ടും ഡ്രാമയിൽ* അടങ്ങിയിട്ടുള്ളതാണ്. *ഡ്രാമ* മുഴുവൻ നല്ലതാണ്. മോശമായ *ഡ്രാമയെന്ന്* എന്തിന് പറയണം, *ഡ്രാമയുടെ* രഹസ്യം ബുദ്ധിയിലുണ്ട്, അതാണ് നിങ്ങൾക്ക് മനസ്സിലാക്കി തരുന്നത്. ഇപ്പോൾ ഭക്തിയുടെ *പാർട്ട്* പൂർത്തിയാകുകയാണ്. ഇപ്പോൾ പുരുഷാർത്ഥം ചെയ്ത് ബാബയിൽ നിന്ന് സമ്പത്ത് നേടണം. ബാബ പറയുന്നു ഇവരെല്ലാവരും ആസുരീയ സമ്പ്രദായികളാണ്, ഇതിൽ വെറുപ്പിന്റെ കാര്യമേയില്ല. ഈശ്വരീയ സമ്പ്രദായത്തിന്റെയും ആസുരീയ സമ്പ്രദായത്തിന്റെയും കളിയാണ്. അവരാരും സ്വയം ദുഃഖിയാണെന്ന് മനസ്സിലാക്കുന്നില്ല. ഭക്തി ചെയ്തുകൊണ്ടേയിരിക്കുന്നു കരുതുന്നു ഒരു ദിവസം ഭഗവാൻ വന്ന് ഭക്തിയുടെ ഫലം നൽകും. വീട്ടിലിരിക്കെ ഏതെങ്കിലുമെല്ലാം രൂപത്തിൽ ഭഗവാൻ വരും, അതേ സമയം സന്യാസിമാർ കരുതുന്നത് നമ്മളേ സ്വയം നിർവ്വാണത്തിലേക്ക് പോകുമെന്നാണ്. തന്റെ പുരുഷാർത്ഥത്തിലൂടെ തത്വവുമായി യോഗം വയ്ക്കുന്നു എന്നിട്ട് നമ്മൾ ലയിച്ച് ചേരുമെന്ന് കരുതുന്നു. ലോകത്തിൽ അനേക മതങ്ങളുണ്ട്, ബാബ വന്ന് ഏക മതം സ്ഥാപിക്കുന്നു. മനസ്സിലാക്കി തരുന്നു ഈ അനാദിയായ *ഡ്രാമ* ഉണ്ടാക്കിയിട്ടുള്ളതാണ്, വളരെ മനോഹരമായ നാടകമാണ് ഉണ്ടാക്കിയിട്ടുളളത്. നാടകത്തിൽ സുഖ-ദുഃഖത്തിന്റെ *പാർട്ട്* അടങ്ങിയിട്ടുണ്ട്, അത് കണ്ട് വളരെ സന്തോഷമുണ്ടാകുന്നു. ഈ പരിധിയില്ലാത്ത കളി വളരെ നന്നായി ഉണ്ടാക്കിയിട്ടുള്ളതാണ്. അതിൽ എല്ലാവർക്കും ഇഷ്ടം തന്നെയാണ് വരേണ്ടത്. പകലും നല്ലതാണ് രാത്രിയും നല്ലതാണ്. കളിയല്ലേ. അറിയാം ഇപ്പോൾ രാത്രി പൂർത്തിയാകണം. നമുക്ക് പകലിൽ പോയി ഉയർന്ന പദവി നേടണം. രോഷത്തിന്റെ കാര്യമെന്താണ്, *ഡ്രാമയിൽ* എന്ത് ഭാഗമാണോ ലഭിച്ചിട്ടുള്ളത്, അത് അഭിനയിക്കുക തന്നെ വേണം. വളരെ നല്ല*ഡ്രാമയാണ്,* ഇതിനെ മോശമെന്ന് പറയാൻ സാധിക്കില്ല. ഈ കളി ഒരിക്കലും നിലക്കുന്നതേയില്ല, വളരെ *ഫസ്റ്റ്ക്ലാസ്സ്* കളിയാണ്. ഇതിനെ അറിയുന്നതിലൂടെ ബുദ്ധി സമ്പന്നമായിരിക്കുന്നു. ഏതുപോലെ ബാബ *നോളജ്ഫുളാണോ* അതുപോലെ കുട്ടികളും *നോളജ്ഫുളാണ്.* എത്ര സമയം സുഖം നേടണം, എത്ര സമയം ദുഃഖം നേടണം, ഇതും നിങ്ങൾ എല്ലാം തന്നെ അറിഞ്ഞിരിക്കുന്നു അപ്പോഴാണ് പറയുന്നത് ആഹാ പ്രഭു അങ്ങയുടെ ലീല. പ്രഭുവിന്റെ രചന തീർച്ചയായും നല്ലത് തന്നെയായിരിക്കും. അതിനെ മോശമെന്ന് ആര് പറയും.*ഡ്രാമയിൽ* എന്ത് *പാർട്ടാണോ* ലഭിച്ചിട്ടുള്ളത് അത് അഭിനയിക്കുക തന്നെ വേണം. ഈ കളി ഒരിക്കലും നിൽക്കില്ല, ഇതിനെ അറിയുന്നതിലൂടെ സന്തോഷം തന്നെ സന്തോഷമാണ് വരുന്നത്. ഭക്തിയിൽ സത്യയുഗീ രാജധാനിയെക്കുറിച്ചുള്ള അറിവേയില്ല. സത്യയുഗീ രാജധാനിയിൽ പിന്നീട് ഭക്തിയെക്കുറിച്ചും അറിവുണ്ടായിരിക്കില്ല. ഭക്തിയിലും എത്ര സുന്ദരമായ പാട്ടുകളാണ് പാടുന്നത് അല്ലയോ പ്രഭൂ അങ്ങയുടെ ലീല വിചിത്രമാണ്. ഇത് നിങ്ങൾ കുട്ടികൾക്ക് മാത്രമാണ് മനസ്സിലാക്കാൻ സാധിക്കുന്നത് മറ്റാർക്കും ഈ ലീലയെക്കുറിച്ച് അറിയുകയില്ല. ബാബയിൽ നിന്ന് നമുക്ക് എത്ര സമ്പത്താണ് ലഭിക്കുന്നത്. മുഴുവൻ ദിവസവും ബുദ്ധിയിൽ ചിന്ത നടന്നുകൊണ്ടിരിക്കണം, എത്ര അദ്ഭുതകരമായ കളിയാണ്. ഇതിന്റെ ജ്ഞാനവും അദ്ഭുതകരമാണ്. ബാബയുടെ ലീല എത്ര നല്ലതാണ്. നിങ്ങൾക്ക് ഈ പരിധിയില്ലാത്ത നാടകത്തെ അറിയാം, പിന്നീട് എന്ത് പദവിയാണോ ലഭിക്കുന്നത് അതിനെയും കണ്ട് ഹർഷിതമാകുന്നു, മനുഷ്യർ നാടകം കണ്ട് സന്തോഷിക്കാറില്ലേ. അതിൽ വ്യത്യസ്തങ്ങളായ നാടകങ്ങൾ ഉണ്ടായിരിക്കും, ഇത് ഒരേഒരു നാടകമാണ്. ഈ നാടകത്തെ അറിയുന്നതിലൂടെ വിശ്വത്തിന്റെ അധികാരിയാകുന്നു. എത്ര അദ്ഭുതകരമായ കാര്യമാണ്. ബാബയിലൂടെ നിങ്ങൾ മാത്രമാണ് അറിഞ്ഞിരിക്കുന്നത്. ഈ കാര്യങ്ങളിൽ ആനന്ദിക്കണം. ഗൃഹസ്ഥ വ്യവഹാരത്തിൽ കഴിഞ്ഞുകൊണ്ടും 2-3 മണിക്കൂർ കണ്ടെത്തി, ആ നാടകം കണ്ട് വരാറുണ്ട്. എന്താ അതാരോടെങ്കിലും ചോദിക്കാറുണ്ടോ? ബുദ്ധിയിൽ സ്വാഭാവികമായും ഇരിക്കുന്നു. അതുപോലെ ഇതും പരിധിയില്ലാത്ത നാടകമാണ്, ഇതെന്തിന് മറക്കണം! ഈ ചക്രത്തിന്റെ സ്മൃതി തീർത്തും സഹജമാണ്, ഇതിനെ മറ്റാരും അറിയുന്നില്ല. നിങ്ങൾക്ക് ബുദ്ധി കൊണ്ട് അറിയാം കൂടാതെ ദിവ്യ

ദൃഷ്ടിയിലൂടെ കാണുന്നുമുണ്ട്. മുന്നോട്ട് പോകെ കൂടുതൽ *സീൻ സീനറികൾ* ദർശിക്കും. ശരി–

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:–

1) ബാബയ്ക്ക് സമാനം മഹാദാനിയാകണം. എല്ലാവർക്കും സുഖ–ശാന്തിയുടെ സമ്പത്ത് നൽകണം. ജ്ഞാനത്തെ ധാരണ ചെയ്ത് പിന്നീട് അയവിറക്കണം.

2) പരിധിയില്ലാത്ത നാടകത്തെ ദർശിച്ച് സദാ ഹർഷിതമായിരിക്കണം. പ്രഭുവിന്റെ ലീലയും ഈ ഡ്രാമയും എത്ര വിചിത്രമാണ് – ഇതിനെ സ്മരിച്ച് സന്തോഷത്തിൽ കഴിയണം.

### വരദാനം:– പുരുഷാർത്ഥത്തിനോടൊപ്പം, യോഗത്തിന്റെ പ്രയോഗത്തിന്റെ വിധിയിലൂടെ ആന്തരീക ഭാവനകളെ പരിവർത്തനപ്പെടുത്തുന്ന സദാ വിജയിയായി ഭവിക്കട്ടെ.

പുരുഷാർത്ഥം ഭൂമി തയ്യാറാക്കുന്നു, അതും അത്യാവശ്യമാണ്, പക്ഷെ പുരുഷാർത്ഥത്തിനോടൊപ്പം യോഗത്തിന്റെ പ്രയോഗത്തിലൂടെ എല്ലാവരുടെയും ആന്തരീക മനോഭാവങ്ങളെ പരിവർത്തനപ്പെടുത്തൂ, എങ്കിൽ സഫലത സമീപത്ത് കാണപ്പെടും. ദൃഢനിശ്ചയവും യോഗത്തിന്റെ പ്രയോഗവും കൊണ്ട് ആരുടെയും ബുദ്ധിയെ പരിവർത്തനപ്പെടുത്താൻ സാധിക്കും. സേവനങ്ങളിൽ എപ്പോഴെങ്കിലും ഏതെങ്കിലും പ്രശ്നങ്ങൾ ഉണ്ടായാൽ അതിൽ വിജയിക്കുന്നത് യോഗത്തിന്റെ പ്രയോഗം കൊണ്ട് തന്നെയാണ്, അതിനാൽ പുരുഷാർത്ഥത്തിലൂടെ ഭൂമി തയ്യാറാക്കൂ, പക്ഷെ ബീജത്തെ പ്രത്യക്ഷപ്പെടുത്തുന്നതിന് വേണ്ടി യോഗത്തിന്റെ പ്രയോഗം ചെയ്യൂ, അപ്പോൾ വിജയീ ഭവ എന്ന വരദാനം പ്രാപ്തമാകും.

### സ്ലോഗൻ:– സേവനത്തിലൂടെ പുണ്യത്തിന്റെ മൂലധനം സമാഹരിക്കുന്നവർ തന്നെയാണ് പുണ്യാത്മാക്കൾ.